**ALL INDIA RADIO THIRUVANANTHAPURAM**

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | **പ്രധാനവാർത്തകൾ** | **DATE:15.11.2024**

1. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് ആലപ്പുഴയിൽ തുടക്കം. സമൂഹത്തിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രമേളകൾ സഹായകമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

2. റേഷൻ കാർഡുകളിലെ തെറ്റു തിരുത്താൻ ഉടമകൾക്ക് അവസരം നൽകുന്ന തെളിമ പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. 96 ലക്ഷം കുടുംബങ്ങൾക്ക് പദ്ധതി പ്രയോജനപ്പെടും.

3. സംസ്ഥാനത്തെ തദ്ദേശ വാർഡുകൾ പുനർനിർണയിച്ചതിന്റെ കരട് വിജ്ഞാപനം ഈ മാസം 18 ന് പ്രസിദ്ധീകരിക്കും.

4. ശബരിമല സന്നിധാനം ശരണമന്ത്രങ്ങളാൽ മുഖരിതം. മണ്ഡല - മകരവിളക്ക് മഹോത്സവത്തിന് തുടക്കമായി.

5. ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്.

**************************************

RNU TVPM

ഹെഡ്‌ലൈൻ-1

## മുഖ്യമന്ത്രി - ശാസ്ത്രമേള (ഇൻട്രോ)

സമൂഹത്തിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ പുരോഗതിക്കും ശാസ്ത്രമേളകൾ സഹായകമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവവും വൊക്കേഷണൽ എക്സ്പോയും ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാര്യങ്ങളെ യുക്തിസഹമായി വിലയിരുത്താൻ കുട്ടികൾ പഠിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

മന്ത്രിമാരായ വി. ശിവൻകുട്ടി, സജി ചെറിയാൻ, പി. പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു. നാല് ദിവസം നീളുന്ന മേളയിൽ 180 ഇനങ്ങളിലായി 5,000-ത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കും.

****************************************

PNU TVPM

ഹെഡ്‌ലൈൻ-2

## മന്ത്രി ജി ആർ അനിൽ - തെളിമ

റേഷൻ കാർഡുകളിലെ തെറ്റു തിരുത്താൻ റേഷൻ കാർഡ് ഉടമകൾക്ക് അവസരം നൽകുന്ന തെളിമ പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. മന്ത്രി ജി ആർ അനിൽ പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ചു. റേഷൻ കടകളിൽ സ്ഥാപിച്ചിട്ടുള്ള പ്രത്യേക പെട്ടികളിൽ അടുത്ത മാസം 15 വരെ റേഷൻ കാർഡ് ഉടമകൾക്ക് അപേക്ഷകൾ സമർപ്പിക്കാം. 96 ലക്ഷം കുടുംബങ്ങൾക്ക് തെളിമ പദ്ധതി പ്രയോജനപ്പെടും.

****************************************

ഹെഡ്‌ലൈൻ-3

## കരട് വിജ്ഞാപനം

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുകൾ പുനർനിർണയിച്ചതിന്റെ കരട് വിജ്ഞാപനം ഈ മാസം 18 ന് പ്രസിദ്ധീകരിക്കും. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് ചേർന്ന ഡീലിമിറ്റേഷൻ

കമ്മീഷൻ യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനം. വാർഡ് പുനർനിർണയം സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും അടുത്ത മാസം മൂന്ന് വരെ സ്വീകരിക്കാനും തീരുമാനിച്ചു. പരാതികൾ നേരിട്ടോ രജിസ്റ്റേർഡ് തപാലിലോ ജില്ലാ കളക്ട്രേറ്റുകളിലും ഡീലിമിറ്റേഷൻ കമ്മീഷൻ ഓഫീസിലും സമർപ്പിക്കാം. 2011 സെൻസസിന്റേയും തദ്ദേശസ്ഥാപനങ്ങളിലെ വാർഡുകളുടെ എണ്ണം പുതുക്കി നിശ്ചയിച്ച 2024 ലെ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് വാർഡ് പുനർവിഭജനം നടത്തുന്നത്.
****************************************

## ഇടുക്കി - ജോർജ് കുര്യൻ

ധർത്തി ആഭാ ജനജാതീയ ഗ്രാം ഉത്കർഷ് അഭിയാന്റെ ഭാഗമായി ഇടുക്കിയിൽ നടന്ന സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ മുഖ്യാതിഥിയായി. പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഓൺലൈനായി നിർവഹിച്ചു. ഗോത്രവർഗ വിഭാഗത്തെ വികസിത സമൂഹമാക്കി മാറ്റുന്നതിനുള്ള ഊർജ്ജിത ശ്രമമാണ് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നതെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. കേരളത്തിൽ വയനാട്, പാലക്കാട്, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളാണ് പദ്ധതിയിലുൾപ്പെടുന്നത്.
****************************************

## മന്ത്രി കെ എൻ ബാലഗോപാൽ

വയനാട് ദുരന്തത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച സഹായ അഭ്യർത്ഥന നിഷേധിക്കുന്ന കേന്ദ്ര നിലപാട് നീതികരിക്കാനാകില്ലെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ഐക്യത്തിലും സൗഹാർദ്ദത്തിലും അധിഷ്ഠിതമായ സഹവർത്തിത്വമാണ് ഇന്ത്യയുടെ രാഷ്ട്രീയ ജീവിതത്തിന്റെ കാതൽ. വയനാട് ദുരന്ത ബാധിതരുടെ ദുരിതം അകറ്റാനുള്ള ധനസഹായം

RNU TVPM

വൈകുന്നത് അനീതിയാണെന്നും ധനമന്ത്രിയുടെ ഓഫീസ് പുറത്തിറക്കിയ വാർത്താകുറിപ്പിൽ പറയുന്നു.

*****************************************

## വയനാട് ദുരന്തം - പ്രതിപക്ഷ നേതാവ്

വയനാട് ദുരന്ത ബാധിതരോടുള്ള കേന്ദ്ര സർക്കാരിന്റെ അവഗണന പ്രതിഷേധാത്മകമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. കേരളത്തിൽ നിന്നുള്ള യു.ഡി.എഫ് എം.പിമാർ പാർലമെന്റിൽ ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർത്തും. വയനാടിന്റെ പുനരധിവാസത്തിന് ആവശ്യം പ്രത്യേക സാമ്പത്തിക സഹായമാണെന്നും അദ്ദേഹം പാലക്കാട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

*****************************************

## വയനാട് - കെ.സുരേന്ദ്രൻ

RNU TVPM

വയനാട് പുനരധിവാസ പാക്കേജിന് തുരങ്കം വെച്ചത് സംസ്ഥാന സർക്കാരാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. സംസ്ഥാന സർക്കാരിന്റെ അലംഭാവത്തെ കുറ്റകരമായ മൗനത്തിലൂടെ പ്രതിപക്ഷം സഹായിക്കുകയാണ്. ദുരന്തത്തിന്റെ വ്യാപ്തി അനുസരിച്ചുള്ള സഹായം കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുമെന്ന് കേന്ദ്രമന്ത്രിമാർ വ്യക്തമാക്കിയതാണെന്നും ശ്രീ സുരേന്ദ്രൻ പറഞ്ഞു.

*****************************************

## വയനാട്-ഹർത്താൽ

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ കേന്ദ്ര സഹായം വൈകുന്നതിനെതിരെ ഈ മാസം 19 -ന് വയനാട്ടിൽ യു ഡി എഫ് ഹർത്താൽ ആചരിക്കും. UDF ജില്ലാ കമ്മറ്റിയുടേതാണ് തീരുമാനം. രാവിലെ 6 മുതൽ വൈകിട്ട് 6 വരെയാണ് ഹർത്താൽ. പുനരധിവാസം വൈകുന്നതിൽ സംസ്ഥാന

സർക്കാറിനെതിരെയും പ്രതിഷേധിക്കുമെന്ന് UDF നേതാക്കൾ അറിയിച്ചു.
****************************************

## പാലക്കാട്-ഉപതെരഞ്ഞെടുപ്പ്

ഉപതെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കിനിൽകെ പാലക്കാട് നിയമസഭാ മണ്ഡലത്തിലെ പ്രചാരണം ആവേശകരമായ അവസാന ഘട്ടത്തിലേക്ക്. മുന്നണികളുടെ താര പ്രചാരകരുടെ നേതൃത്വത്തിലാണ് മണ്ഡലത്തിൽ പ്രചാരണം പുരോഗമിക്കുന്നത്. ഈ മാസം 20 നാണ് വോട്ടെടുപ്പ്. എൽഡിഎഫ് സ്ഥാനാർത്ഥി പി. സരിൻ, യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ, എൻഡിഎ സ്ഥാനാർത്ഥി സി കൃഷ്ണകുമാർ എന്നിവരാണ് ജനവിധി തേടുന്നവരിൽ പ്രമുഖർ. വയനാട്, ചേലക്കര, പാലക്കാട് ഉപതെരഞ്ഞെടുപ്പ് ഫലം ഈ മാസം 23-നാണ്.
****************************************

RNU TVPM

ഹെഡ്‌ലൈൻ-4

## ശബരിമല

ശബരിമല സന്നിധാനം ശരണമന്ത്രങ്ങളാൽ മുഖരിതം. മണ്ഡല - മകരവിളക്ക് മഹോത്സവത്തിന് തുടക്കം കുറിച്ച് ശബരിമല ക്ഷേത്രനട തുറന്നു. തന്ത്രി കണ്ഠര് രാജീവരുടെയും കണ്ഠര് ബ്രഹ്മദത്തന്റെയും സാന്നിധ്യത്തിൽ മേൽശാന്തി പി.എൻ. മഹേഷ് നമ്പൂതിരിയാണ് നട തുറന്നത്. പുതിയ ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ സ്ഥാനാരോഹണവും ഇന്ന് നടന്നു. വൃശ്ചികം ഒന്നായ നാളെ പുതിയ മേൽശാന്തിമാരാണ് പൂജകൾ നടത്തുന്നത്.
****************************************

## വി എൻ വാസവൻ-ശബരിമല

ഈ വർഷത്തെ ശബരിമല തീർത്ഥാടനകാലം ഭംഗിയായി പൂർത്തിയാക്കുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും ദേവസ്വം ബോർഡും സർക്കാരും പൂർത്തിയാക്കിയതായി മന്ത്രി

വി.എൻ. വാസവൻ. പൂർണ്ണമായും നവീകരിച്ച സന്നിധാനത്തെ അത്യാധുനിക സൗകര്യങ്ങളോടെയുള്ള ശബരി ഗസ്റ്റ് ഹൗസിന്റെയും പമ്പയിലെ വിഘ്നേശ്വര ഗസ്റ്റ് ഹൗസിന്റെയും ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

**************************************

## കൽപ്പാത്തി-രഥോത്സവം

പാലക്കാട് കൽപ്പാത്തി രഥോത്സവത്തോടനുബന്ധിച്ചുള്ള ദേവരഥ സംഗമം പുരോഗമിക്കുന്നു. കൽപ്പാത്തിയിലെ തേരുമുട്ടിയിലാണ് അഗ്രഹാര ക്ഷേത്രങ്ങളിലെ ആറു രഥങ്ങളും സംഗമിക്കുന്നത്. ദേവരഥ സംഗമത്തിന് സാക്ഷിയാകാൻ എത്തിയ ആളുകളെ കൊണ്ട് ആഗ്രഹാര വഴികൾ നിറഞ്ഞു കവിഞ്ഞിരിക്കുകയാണ്. രഥ സംഗമത്തിന് ശേഷമുള്ള പ്രത്യേക ചടങ്ങുകൾക്ക് ശേഷം രഥോത്സവം നാളെ കൊടിയിറങ്ങും.

**************************************

RNU TVPM

## വെട്ടുകാട് തിരുന്നാൾ

തിരുവനന്തപുരം വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ, ക്രിസ്തുരാജത്വ തിരുനാളിന് കൊടിയേറി. വൈകിട്ട് നടന്ന പൊന്തിഫിക്കൽ ദിവ്യബലിക്ക്, ലത്തീൻ അതിരൂപതാ സഹായമെത്രാൻ റവ.ആർ.ക്രിസ്തുദാസ്, മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് ഇടവക വികാരി വൈ എം എഡിസൺ തിരുനാൾ കൊടിയേറ്റ് നിർവഹിച്ചു. ഈ മാസം 24 വരെയാണ് തിരുനാൾ ആഘോഷം.

**************************************

## വൃശ്ചികോത്സവം - കൊല്ലം (ഇൻട്രോ)

ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ പ്രസിദ്ധമായ വൃശ്ചികോത്സവത്തിന് നാളെ തുടക്കമാകും. ശബരിമല തീർത്ഥാടകരുടെ പ്രധാന ഇടത്താവളം കൂടിയായ ഓച്ചിറ പടനിലത്ത് ഭക്തരുടെ സൗകര്യങ്ങളും, സുരക്ഷയും ലക്ഷ്യമിട്ട് ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ....

(വോയിസ്)

*************************************

ഹെഡ്‌ലൈൻ-5

ക്രിക്കറ്റ്

ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഇന്ത്യയുടെ നാലാമത്തെയും അവസാനത്തെയും ട്വന്റി -20 മത്സരം ഇന്ന് നടക്കും. ദക്ഷിണാഫ്രിക്കയിലെ വാൻഡറേഴ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8.30-നാണ് മത്സരം. നാല് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്.

*************************************

മഴ-കേരളം

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് 8 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിലാണ് ജാഗ്രത നിർദേശം. മൽസ്യബന്ധനത്തിന് വിലക്കില്ല.

*************************************

ലോകായുക്ത ദിനാഘോഷം

ഈ വർഷത്തെ ലോകായുക്ത ദിനാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ നാളെ വൈകിട്ട് നടക്കുന്ന പരിപാടിയിൽ ലോകയുക്ത ജസ്റ്റിസ് എൻ അനിൽകുമാർ, മന്ത്രി പി രാജീവ്, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ തുടങ്ങിയവർ പങ്കെടുക്കും. ദിനാഘോഷത്തോടനുബന്ധിച്ച് നിയമ വിദ്യാർഥികൾക്കായി മൂട്ട്കോർട്ട് മത്സരം സംഘടിപ്പിച്ചിട്ടുണ്ട്.

RNU TVPM

*

**************

************************************************************

RNU TVPM